പതിനൊന്നാം കേരള നിയമസഭ

# ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി
# (2004–2006)

## ഒന്നാമത് റിപ്പോർട്ട്

ഔദ്യോഗിക ഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച് സമിതിയുടെ ശുപാർശകളും നിർദ്ദേശങ്ങളും ഉൾപ്പെട്ട റിപ്പോർട്ട്

483/2004.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| സമിതിയുടെ നിർദ്ദേശങ്ങളും ശുപാർശകളും | .. | 10 |

# ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2004–2006)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

അംഗങ്ങൾ :

ശ്രീ. കളത്തിൽ അബ്ദുള്ള

" എ. എ. അസീസ്

" എം. വി. ഗോവിന്ദൻ മാസ്റ്റർ

" ജോസഫ് എം. പുതുശ്ശേരി

" കെ. മോഹൻകുമാർ

" സി. പി. മുഹമ്മദ്

" ടി. എച്ച്. മുസ്തഫ

" സി. കെ. നാണു.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. കെ. ആർ. ഉദയഭാനു, സെക്രട്ടറി

" എസ്. രാജചന്ദ്ര ബാബു, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി

" ജോർജ് മത്തായി, ജോയിന്റ് സെക്രട്ടറി

" കെ. ആർ. വേണുഗോപാലൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി വി. ജയലക്ഷ്മി അമ്മ, അണ്ടർ സെക്രട്ടറി.

483/2004.

# മുഖവുര

ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2004 ജൂലായ് 15-ാം തീയതി ചേർന്ന യോഗത്തിലാണ് സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചത്.

തേറമ്പിൽ രാമകൃഷ്ണൻ,

അദ്ധ്യക്ഷൻ,

ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി.

# റിപ്പോർട്ട്

"എന്തൊക്കെ വൈകല്യങ്ങൾ ഉണ്ടെങ്കിലും അമ്മയുടെ മാറിലേക്കെന്നപോലെ മാതൃഭാഷയോട് ഞാൻ പറ്റിച്ചേർന്നുനില്ക്കും. എന്റെ ജീവൻ നിലനിർത്താൻ വേണ്ട പാല് ചുരത്താൻ മാതൃഭാഷയ്ക്ക് മാത്രമേ കഴിയൂ." (ഗാന്ധിജി)

2. ജനാധിപത്യം സാർത്ഥകമാകണമെങ്കിൽ ഭരണത്തിൽ ജനങ്ങൾക്കുള്ള പങ്ക് അർത്ഥവത്താക്കണം; ഭാഷ അതിനൊരു തടസ്സമാകരുത്. ഭരണീയരുടെയും ഭരിക്കുന്നവരുടെയും ഭാഷ ഒന്നായിത്തീരുമ്പോഴേ ഇരുകൂട്ടരും തമ്മിലുള്ള ആശയവിനിമയം പൂർണ്ണമാകുന്നുള്ളൂ. രാഷ്ട്രീയമായ ഇച്ഛാശക്തിയും മാധ്യമങ്ങളുടെ പങ്കാളിത്തവും ജനങ്ങളുടെ സഹകരണവും ഉദ്യോഗസ്ഥരുടെ പരിശ്രമവും കൊണ്ടുമാത്രമെ ഇത് സാധ്യമാകുകയുള്ളു. ഭാഷ കേവലം വാക്കുകളുടെ കൂട്ടം മാത്രമല്ല; അത് ഒരു ജനതയുടെ സംസ്ക്കാരം കൂടിയാണ്. ഭരണഭാഷാ മാറ്റം കൊണ്ടുദ്ദേശിക്കുന്നത് ആത്യന്തികമായി നമ്മുടെ സംസ്ക്കാരത്തിനിണങ്ങിയ ഭരണത്തെ പുനഃപ്രതിഷ്ഠിക്കലാണ്. സ്വാതന്ത്ര്യ ലബ്ധിയെ തുടർന്ന് ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനഃസംഘടിപ്പിച്ചതിന്റെ പിന്നിലുള്ള ചേതോവികാരവും അതുതന്നെയാണ്. ഭരണഘടനയുടെ 345-ാം വകുപ്പിൽ പ്രാദേശിക ഭാഷകൾക്ക് ഭരണഭാഷാ പദവി നല്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നുണ്ട്. ഇതിൻപ്രകാരം സംസ്ഥാന ഭാഷയായ മലയാളം ഭരണഭാഷയാക്കി മാറ്റുന്നതിനുള്ള ശ്രമങ്ങൾ 1957-ൽ തന്നെ ആരംഭിച്ചു. ഭരണരംഗത്ത് മലയാളഭാഷ ഉപയോഗിക്കുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ച് പഠിച്ച് ശ്രീ. കോമാട്ടിൽ അച്യുതമേനോൻ അദ്ധ്യക്ഷനായ സമിതി 1958 ആഗസ്റ്റ് 16-ന് വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. നൂറ്റാണ്ടുകളായി ഭരണ നിർവ്വഹണത്തിന് സഹായകരമായിരുന്ന മാതൃഭാഷയെ പിൻതള്ളി ഇംഗ്ലീഷ് ആസ്ഥാനം കൈക്കലാക്കിയിട്ട് അധികകാലമായിട്ടില്ലെന്നും ഒരു ഭാഷയും ശുദ്ധശൂന്യതയിൽ വളരുകയോ പുഷ്ടിപ്പെടുകയോ ചെയ്യുകയില്ല എന്ന അംഗീകൃത തത്വവുമാണ് സമിതി ചൂണ്ടിക്കാണിച്ചത്. സമിതിയുടെ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചു. തുടർന്ന് സർക്കാർ ഔദ്യോഗിക ഭാഷാ നയം പ്രഖ്യാപിക്കുകയും ഭരണഭാഷ മലയാളമാണെന്ന് നിഷ്കർഷിക്കുന്ന സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തു.

3. സമിതി ഭരണഭാഷ ഘട്ടംഘട്ടമായി നടപ്പിലാക്കാൻ ശുപാർശ ചെയ്യുകയും ബഹുജന സമ്പർക്കം ഏറെയുള്ള പഞ്ചായത്ത്, വില്ലേജ് ഓഫീസ് തുടങ്ങിയ 17 വകുപ്പുകളിൽ നിന്ന് ഇതിന് തുടക്കം കുറിക്കണമെന്ന് സൂചിപ്പിച്ച് ഒരു ഭരണ ശബ്ദകോശത്തിന് രൂപം നൽകുകയുമുണ്ടായി. ശ്രീ. കോമാട്ടിൽ അച്യുതമേനോൻ സമർപ്പിച്ച ശുപാർശകളുടെ അടിസ്ഥാനത്തിൽ ഓഫീസുകളിൽ നിർദ്ദിഷ്ടമായ ആവശ്യങ്ങൾക്ക് മലയാളം ഭരണഭാഷയായി ഉപയോഗിക്കണമെന്ന് അനുശാസിക്കുന്ന സർക്കാർ ഉത്തരവ് 1965 ഒക്ടോബർ 19-ാം തീയതി പുറപ്പെടുവിച്ചു.

4. ഭരണഘടനയുടെ 345-ാം വകുപ്പ് അനുശാസിക്കുന്ന പ്രകാരം 1969-ൽ നിലവിൽ വന്ന കേരള ഔദ്യോഗിക ഭാഷ (നിയമ നിർമ്മാണം) നിയമം മലയാളമോ ഇംഗ്ലീഷോ കേരളത്തിൽ ഔദ്യോഗിക ഭാഷയായിരിക്കുമെന്ന് വ്യവസ്ഥ ചെയ്യുന്നു.

5. 1973-ലെ ഭേദഗതി പ്രകാരം കേരള ഔദ്യോഗിക ഭാഷകൾ ആക്ട് 1969 എന്ന ഈ നിയമത്തിലെ ഒന്ന് എ വകുപ്പ് അനുസരിച്ച് ഭരണഘടനയിലെ 346-ം 347-ം വകുപ്പുകൾ അനുശാസിക്കുന്ന പ്രകാരം മലയാളവും ഇംഗ്ലീഷും കേരളത്തിലെ ഔദ്യോഗിക ഭാഷകളായി. ഔദ്യോഗിക ആവശ്യങ്ങൾക്ക് മലയാളമോ ഇംഗ്ലീഷോ ഉപയോഗിക്കാൻ അനുശാസിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നിയമത്തിലെ ഒന്ന് ബി വകുപ്പ് സർക്കാരിന് അധികാരം നല്കുന്നു. കേരളത്തിലെ ന്യൂനപക്ഷ ഭാഷകളായ തമിഴ്, കന്നഡ എന്നിവ സംസാരിക്കുന്നവരുടെ പരിരക്ഷ ഉറപ്പാക്കിക്കൊണ്ട് മൂന്നാം വകുപ്പുകൂടി ഈ ഭേദഗതിയിൽ കൂട്ടിച്ചേർത്തു. പ്രസ്തുത നിയമത്തിലെ 1-ബി വകുപ്പ് അനുസരിച്ച് നാളിതുവരെ 68 വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട അതേ വകുപ്പുകളിലും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കേരള പിന്നോക്കവിഭാഗ കമ്മീഷൻ, കേരള വനിതാ കമ്മീഷൻ, ലോകായുക്ത, ഓംബുഡ്സ്മാൻ എന്നിങ്ങനെ അഞ്ച് സ്ഥാപനങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയായി പ്രഖ്യാപിച്ചുകൊണ്ട് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചു.

6. 1970-ൽ മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു ഔദ്യോഗിക ഭാഷാ കമ്മിറ്റി രൂപവത്ക്കരിച്ചു. 1972-ൽ മാനുവലുകളും കോഡുകളും പരിഭാഷപ്പെടുത്തുന്നതിനുള്ള നടപടികളും 1973-ൽ ശിലാഫലകങ്ങളിലെ ലിഖിതങ്ങളും സർക്കാർ ചടങ്ങുകളിലെ ക്ഷണക്കത്തുകളും മലയാളത്തിലാക്കുന്നതിനും, കിലോമീറ്റർ കുറ്റികൾ, ദിക് സൂചക ഫലകങ്ങൾ, സ്ഥലനാമ ഫലകങ്ങൾ തുടങ്ങിയവയിലെ എഴുത്തുകൾ എന്നിവ മലയാളത്തിൽ ആക്കുന്നതിനും നിർദ്ദേശങ്ങളുണ്ടായി. 1973-ൽ ഔദ്യോഗിക ഭാഷാ സമിതി പുനഃസംഘടിപ്പിക്കുകയുമുണ്ടായി. കോടതിനടപടികൾ സാധാരണക്കാർക്ക് പ്രാപ്യമാക്കുന്നതിനുതകുംവിധം കോഡുകളും മാനുവലുകളും വിധിന്യായങ്ങളും മലയാളത്തിൽ പ്രസിദ്ധീകരിക്കണമെന്ന് അനുശാസിച്ചു.

7. ഔദ്യോഗികഭാഷ മലയാളമാക്കുന്ന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി താലൂക്ക്, ജില്ല, സംസ്ഥാന തലങ്ങളിൽ ഔദ്യോഗിക ഭാഷാ സമിതിയും മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ഔദ്യോഗിക ഭാഷാ ഉന്നതതല സമിതിയും രൂപീകൃതമായി.

8. കോടതിഭാഷ പൂർണ്ണമായും മലയാളമാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ജസ്റ്റീസ് കെ. കെ. നരേന്ദ്രൻ അദ്ധ്യക്ഷനായി രൂപീകൃതമായ കമ്മിറ്റി 1987 മാർച്ച് 24-ന് റിപ്പോർട്ട് സമർപ്പിച്ചു. വിധിന്യായങ്ങൾ ഉൾപ്പെടെ എല്ലാ കോടതി നടപടികളും മലയാളത്തിലാക്കണമെന്നും റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നു. സിവിലും ക്രിമിനലുമായ കീഴ്ക്കോടതികളിൽ കേസ് വിസ്താരവും വിധിപ്രസ്താവവും മലയാളത്തിലാകാമെന്ന് വ്യവസ്ഥയുണ്ട്. എങ്കിലും ദൗർഭാഗ്യവശാൽ കോടതിയിലെ ഭാഷാമാറ്റത്തിന്റെ കാര്യത്തിൽ വഞ്ചി ഇപ്പോഴും തിരുനക്കരെതന്നെ.

9. മന്ത്രിസഭായോഗത്തിനുള്ള കുറിപ്പുകളും മന്ത്രിസഭായോഗ തീരുമാനങ്ങളും 1987 നവംബർ ഒന്ന് മുതൽ മലയാളത്തിലായിരിക്കണമെന്ന് തീരുമാനിച്ചിരുന്നു. 1988-ലും, 1992-ലും, 1997-ലും, 2001-ലും ഭാഷാമാറ്റം ത്വരിതപ്പെടുത്തുന്നതിനും പുരോഗതി കാലാകാലങ്ങളിൽ വിലയിരുത്തുന്നതിനും ഔദ്യോഗിക ഭാഷാ ഉന്നതതല സമിതിയും ജില്ലാതലസമിതിയും താലൂക്ക്തലസമിതിയും പുനഃസംഘടിപ്പിക്കുകയുണ്ടായി. ഭാഷാമാറ്റത്തിൽ സംസ്ഥാന തലത്തിൽ നേടിയ പുരോഗതി

വിലയിരുത്തുന്നതിനും സർക്കാർ നിർദ്ദേശങ്ങളും ഉത്തരവുകളും എത്രത്തോളം പ്രാവർത്തികമാക്കുന്നുവെന്ന് പരിശോധിക്കുന്നതിനും പ്രായോഗികതലത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും ഭാഷാമാറ്റം ത്വരിതപ്പെടുത്തുന്നതിനും മലയാളം ഭരണ ഭാഷയാക്കിയ എല്ലാ വകുപ്പുകളുടെയും തലവൻമാരെയും സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഭരണ വകുപ്പുകളുടെയും പ്രിൻസിപ്പൽ സെക്രട്ടറിമാരെയും സെക്രട്ടറിമാരെയും സ്പെഷ്യൽ സെക്രട്ടറിമാരെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു സംസ്ഥാന കമ്മിറ്റി 1994-ൽ രൂപീകരിക്കുകയുണ്ടായി. ഉദ്യോഗസ്ഥന്മാർക്ക് ഭാഷാ പരിശീലന പരിപാടി, ടൈപ്പ്റൈറ്ററുകൾ അനുവദിക്കലും അനുപാതം നിലനിർത്തലും, വിവിധ വകുപ്പുകളിൽ നിന്നുള്ള ഉത്തരവുകൾ മലയാളത്തിൽ പുറപ്പെടുവിക്കൽ, വിവിധ പ്രസിദ്ധീകരണങ്ങളുടെ പ്രകാശനം, പി.എസ്.സി. പരീക്ഷകളിൽ നിർബന്ധമായും ഒരു പേപ്പർ മലയാളത്തിലാക്കുക, ഭാഷാമാറ്റ പുരോഗതി സംബന്ധിച്ച് വ്യാപകമായ പ്രചാരണം മുതലായവ സർക്കാർ നടത്തിയിട്ടുണ്ട്.

10. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഭരണഭാഷ മലയാളമാക്കുന്നതിന് അനിവാര്യമായ ശാസ്ത്ര സാങ്കേതിക പദാവലി, ശബ്ദാവലി മുതലായ പുസ്തകങ്ങൾ തയ്യാറാക്കുകയും, മലയാളികളല്ലാത്ത സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർക്ക് ഐ.എം.ജി. യുടെ സഹകരണത്തോടെ ഹ്രസ്വകാല മലയാള പഠന കോഴ്സ് നടത്തുകയും ചെയ്തിട്ടുണ്ട്. കേരള സർക്കാരും ഭരണ ശബ്ദ കോശങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിവിധ സർക്കാർ വകുപ്പുകളുടെ കോഡുകൾ, മാനുവലുകൾ, ചട്ടങ്ങൾ എന്നിവയുടെ വിവർത്തനങ്ങൾ തയ്യാറാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

11. ഉദ്യോഗസ്ഥഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പിന്റെ നേതൃത്വത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കേന്ദ്ര ങ്ങളിൽ സർക്കാർ ഉദ്യോഗസ്ഥർക്കുവേണ്ടി ഔദ്യോഗിക ഭാഷാ പരിശീലന പരിപാടി ആവിഷ്കരിക്കുകയും അതനുസരിച്ച് പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. ഭരണ ഭാഷാമാറ്റം നിയമപരമായ ബാദ്ധ്യതയ്ക്കുപരി ധാർമ്മികമായ ഒരു കടമയാണെന്ന വസ്തുത ഭാഷാമാറ്റത്തെ നിയന്ത്രിക്കുന്ന വിവിധ വിഭാഗങ്ങളെ ബോധ്യപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് എല്ലാ വർഷവും നവംബർ 1 മലയാള ദിനമായും നവംബർ ഒന്നുമുതൽ ഏഴുവരെ ഭരണഭാഷാവാരമായും ആഘോഷിച്ചുവരുന്നത്. വ്യാപകമായ ഇത്തരം നിരവധിപ്രവർത്തനങ്ങൾ സർക്കാർ നടത്തിയിട്ടുണ്ടെങ്കിലും ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ പശ്ചാത്തലത്തിലാണ് ഔദ്യോഗിക ഭാഷ മലയാളമാക്കുന്ന നടപടി ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ഒരു നിയമസഭാ സമിതി രൂപീകരിക്കുക എന്ന ആശയം ഉടലെടുത്തത്. ഭരണഭാഷ മലയാളമാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനും എല്ലാ വകുപ്പുകളിലും എത്രയും പെട്ടെന്ന് ഭാഷാമാറ്റം നടപ്പിലാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി കേരള നിയമസഭയുടെ ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി 2003 ജൂൺ 27-ാം തീയതി നിലവിൽ വന്നു. സമിതിയുടെ ചുമതലകൾ ചുവടെ ചേർക്കുന്നു:

1. മലയാള ഭാഷ ഔദ്യോഗിക ഭാഷയായി ഉപയോഗിക്കുന്നതിലെ പുരോഗതി വിലയിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ നിർദ്ദേശിക്കുകയും ചെയ്യുക.

2. മലയാളം ഔദ്യോഗിക ഭാഷയായി ഉപയോഗിക്കണമെന്ന സർക്കാർ ഉത്തരവുകൾ കൃത്യമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

3. വിവിധ വകുപ്പുകളിൽ സർക്കാരിന്റെ ഔദ്യോഗിക ഭാഷാനയം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ പരിശോധിച്ച് പുരോഗതി വിലയിരുത്തുക.

4. മലയാളം ഔദ്യോഗിക ഭാഷയായി ഭരണകാര്യങ്ങളിൽ ഉപയോഗിക്കുന്നതിനുള്ള പ്രതിബന്ധങ്ങൾ കണ്ടെത്തുന്നതിനും പ്രസ്തുത പ്രതിബന്ധങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും അനുയോജ്യമായ മാർഗ്ഗരേഖ നിർദ്ദേശിക്കുക.

5. മലയാളം ഔദ്യോഗിക ഭാഷയായി പ്രഖ്യാപിച്ചിട്ടുള്ള വകുപ്പുകളിൽ ചട്ടങ്ങളും നിയമാവലിയും ഫാറങ്ങളും മലയാളത്തിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ടോ എന്നും ഇതുവരെ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ടോ എന്നും ഉറപ്പുവരുത്തുക .

6. ഔദ്യോഗികാവശ്യത്തിന് സർവ്വസാധാരണമായി ഉപയോഗിക്കുന്ന മലയാള പദങ്ങളും പ്രയോഗങ്ങളും സംബന്ധിച്ച ഏറ്റവും പുതിയ ശബ്ദാവലിയുടെ പ്രസിദ്ധീകരണം ഉറപ്പുവരുത്തുക.

7. ഔദ്യോഗിക ഭാഷാപരിശീലന പദ്ധതിക്ക് വേണ്ട പാഠ്യക്രമം മെച്ചപ്പെടുത്തുന്നതിന് അവശ്യം വേണ്ട നിർദ്ദേശം നൽകുക.

8. ഉപഭോക്തൃ തർക്ക പരിഹാര വേദി, ഓംബുഡ്സ്മാന്റെ ഓഫീസ്, വനിതാ കമ്മീഷൻ എന്നിവയിൽ മലയാളം ഔദ്യോഗിക ഭാഷയായും കോടതി ഭാഷയായും ഉപയോഗിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുക.

9. കാലാകാലങ്ങളിൽ സ്പീക്കർ നിർദ്ദേശിക്കുന്നതനുസരിച്ച് ഔദ്യോഗിക ഭാഷയെ സംബന്ധിച്ച മറ്റ് കാര്യങ്ങൾ നിർവ്വഹിക്കൽ.

12. കേരളത്തിന്റെ ഔദ്യോഗിക ഭാഷയായി മലയാളഭാഷയെ അംഗീകരിച്ചിട്ടുണ്ടെങ്കിലും ഇതു പ്രാവർത്തികമാക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. ഭരണഭാഷ മലയാളമാക്കുന്നതിനുള്ള പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുന്നതിന് ജില്ലാ കളക്ടർ ചെയർമാനായി ജില്ലാ സമിതികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. പല വകുപ്പുകളും ഇക്കാര്യത്തിൽ ആത്മാർത്ഥമായ ശ്രമമോ വേണ്ടത്ര നിഷ്കർഷയോ സ്വീകരിച്ചതായി കരുതാനാവില്ല. ഔദ്യോഗികഭാഷ പൂർണ്ണമായും മലയാളമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ടെന്ന് സർക്കാരിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയ സമിതിക്ക് ബോധ്യമായി. മലയാളം കേരളത്തിന്റെ ഔദ്യോഗിക ഭാഷ എന്ന ലക്ഷ്യപ്രാപ്തിയിൽ പൂർണ്ണത കൈവരിക്കുന്നതിന് ഇനിയും നാം ബഹുദൂരം മുന്നോട്ടു പോകേണ്ടിയിരിക്കുന്നുവെന്നും ഇക്കാര്യത്തിൽ സർക്കാർ വകുപ്പുകളുടെയും

ജനപ്രതിനിധികളുടെയും പൊതുജനങ്ങളുടെയും എല്ലാം യോജിച്ചതും ആത്മാർത്ഥവും ദൃഢനിശ്ചയത്തോടുകൂടിയതുമായ പരിശ്രമം ഉണ്ടാകേണ്ടിയിരിക്കുന്നുവെന്നും സമിതി മനസ്സിലാക്കുന്നു.

13. കേരളം രൂപംകൊണ്ടതുതന്നെ ഭാഷയുടെ അടിസ്ഥാനത്തിലാണ്. പക്ഷെ ആ ഭാഷ ഇപ്പോൾ അവഗണിക്കപ്പെട്ട അവസ്ഥയിലാണ്. അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ മാതൃഭാഷ ഔദ്യോഗിക ഭാഷയായി അംഗീകരിച്ച് നടപ്പാക്കുന്ന കാര്യത്തിൽ വമ്പിച്ച പുരോഗതി കൈവരിച്ചിട്ടുണ്ട്. മലയാളഭാഷയെ പരിപോഷിപ്പിക്കുന്നതിന് പത്രപ്രവർത്തകർക്കും സാഹിത്യകാരൻമാർക്കും പൊതുപ്രവർത്തകർക്കും കാര്യമായ പങ്കുവഹിക്കാൻ കഴിയണം. കേരളത്തിൽ ഔദ്യോഗിക ഭാഷയായി മലയാളം പ്രാവർത്തികമാക്കുന്ന കാര്യത്തിൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികളെക്കുറിച്ച് ആരായുന്നതിന് ആദ്യം ഒരു ചോദ്യാവലി തയ്യാറാക്കി വിവിധ വകുപ്പുകൾക്ക് അയച്ച് വിവരങ്ങൾ ശേഖരിക്കണമെന്നു സമിതി തീരുമാനിക്കുകയുണ്ടായി. ഇതിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ഈ നടപടി പ്രാവർത്തികമാക്കാൻ ഔദ്യോഗിക ഭാഷ, തദ്ദേശ സ്വയംഭരണം, റവന്യൂ, ആഭ്യന്തരകാര്യം, പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, കൃഷി, തൊഴിൽ, വ്യവസായം, പൊതുജനസമ്പർക്കം, ആരോഗ്യം, സാംസ്കാരികം എന്നീ വകുപ്പ് മേധാവികളിൽനിന്ന് തെളിവെടുപ്പ് നടത്തുകയും പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകുകയും ചെയ്തു.

14. ഭരണഭാഷ മലയാളമാക്കുന്നതുസംബന്ധിച്ച് സർക്കാർ നാളിതുവരെ കൈക്കൊണ്ട നടപടികളും മുകളിൽ പറഞ്ഞിരിക്കുന്ന വകുപ്പുമേധാവികളിൽനിന്നും നേരിട്ട് തെളിവെടുപ്പ് നടത്തിയപ്പോൾ ലഭിച്ച കാര്യങ്ങളും വിലയിരുത്തിയ സമിതിക്ക് ബോദ്ധ്യമായ കാര്യങ്ങളാണ് താഴെപ്പറയുന്നത്.

15. ജനാധിപത്യ സംവിധാനത്തിൽ ഭരണം ജനങ്ങളുടെ ഭാഷയിൽ ആയിരിക്കണം. അധികാരവികേന്ദ്രീകരണവും ഭരണ സുതാര്യതയും ഫലവത്താകണമെങ്കിൽ സാമാന്യ ജനതയ്ക്ക് അറിയാവുന്നഭാഷയിൽത്തന്നെ ഭരണ നടപടികൾ നടത്തണം. പക്ഷെ സ്വാതന്ത്ര്യം നേടി ഇത്രയും കാലം കഴിഞ്ഞിട്ടും നമുക്ക് ഇപ്പോഴും അതു നടപ്പിൽ വരുത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഒരു ചുവട് മുന്നോട്ടു വയ്ക്കുമ്പോൾ രണ്ട് ചുവട് പുറകോട്ട് എന്ന മട്ടിലുള്ള നടത്തം നമ്മെ എങ്ങുമെത്തിക്കുകയില്ല.

16. സർക്കാരിന് വ്യക്തമായ ഒരു ഭാഷാനയം ഉണ്ടായിരിക്കണം. ഭരണരംഗത്ത് മലയാളഭാഷ വ്യാപിപ്പിക്കുവാനുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തുകയും വിദ്യാഭ്യാസ രംഗത്ത് മലയാളഭാഷയെ തളർത്തുകയും ചെയ്യുന്ന സമീപനം ഉണ്ടാകാൻ പാടില്ല. ഇക്കാര്യത്തിൽ സർക്കാരിന്റെ നയം കേരളത്തിൽ മലയാളം പഠിക്കാതെ ഒരു കുട്ടിയും ഒരു സ്കൂളിലും വിദ്യാഭ്യാസം പൂർത്തിയാക്കാൻ പാടില്ല എന്നതായിരിക്കണം. മലയാള മറിയാത്ത ഒരു കുട്ടിയും ഉണ്ടാകരുത്. 'വേണമെങ്കിൽ മലയാളവും ആകാം' എന്ന നില മാറി മലയാളം നിർബന്ധമാക്കിയെങ്കിൽ മാത്രമേ ഇതു സാധ്യമാകു. മാതൃ ഭാഷയ്ക്ക് പ്രഥമസ്ഥാനം നല്കാത്ത, അല്ലെങ്കിൽ രണ്ടാം ഭാഷയായി അതിനെ താഴ്ത്തിയിരിക്കുന്ന മറ്റൊരു സംസ്ഥാനം ഉണ്ടെന്ന് തോന്നുന്നില്ല. ഈ നിലയ്ക്ക് മാറ്റം വരണം മലയാള ഭാഷ ഒന്നാം ഭാഷ തന്നെയായി അംഗീകരിക്കണം. മറ്റുഭാഷകൾ ഉപ ഭാഷാ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ് അഭികാമ്യം.

17. മാതൃഭാഷയോട് അമിതമായ ഭ്രാന്ത് ഉണ്ടാകേണ്ട കാര്യമില്ല. പക്ഷെ മാതൃഭാഷ എന്നത് അഭിമാനത്തോടെ ഒരു മലയാളിക്ക് പറയാൻ കഴിയാത്ത ഒരു സാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നത്. ഭാഷ സംസ്കാരമാണ്, മാതൃഭാഷ മറക്കുന്ന മലയാളി സ്വന്തം സംസ്കാരത്തെത്തന്നെയാണ് അവഗണിക്കുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ നയപരമായ ഒരു തീരുമാനം എടുക്കാൻ ഇനിയും വൈകിക്കൂട. കതിരിൽ വളം വച്ചിട്ട് കാര്യമില്ല ഏതായാലും പ്രാഥമികതലത്തിൽ ബോധനമാധ്യമം മാതൃഭാഷയായിരിക്കണം എന്നും അതിനുശേഷം മറ്റുള്ള ഭാഷകൾ പഠിക്കണം എന്നും സർക്കാർ നിയമംമൂലം വ്യവസ്ഥ ചെയ്യണം. ഈയൊരു പശ്ചാത്തലത്തിൽ കേരളീയർ വളർന്നു വന്നെങ്കിൽ മാത്രമേ അവർക്ക് മാതൃഭാഷയോട് അഭിനിവേശം ഉണ്ടാവുകയുള്ളൂ. എങ്കിൽ മാത്രമേ ഔദ്യോഗികകൃത്യനിർവഹണത്തിന് മാതൃഭാഷ ഉപയോഗിക്കാനുള്ള മനസ്സും സാമർത്ഥ്യവും ഇച്ഛാശക്തിയും ഉണ്ടാവുകയുള്ളൂ. ഭരണഭാഷാമാറ്റത്തിന്റെ ആത്യന്തികമായ ലക്ഷ്യം മലയാളഭാഷയുടെ വളർച്ചയും വികാസവുമാണ്.

18. മലയാളഭാഷയെ ഒന്നാം ഭാഷയായി അംഗീകരിച്ചാൽ മാത്രമേ അതിനു വേണ്ടത്ര പ്രാധാന്യം ലഭിക്കുകയുള്ളൂ. ഔദ്യോഗിക ഭാഷാനയത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ കാര്യമായ അവബോധം സൃഷ്ടിക്കാൻ കേരളീയർ തയ്യാറാകണം. ഇന്നത്തെ സാഹചര്യങ്ങളിൽ മലയാളി സ്വന്തം ഭാഷയെ അവഗണിക്കാൻ നിർബന്ധിതനാവുകയാണ്. ഇത്തരം സാഹചര്യങ്ങളെ തച്ചുടയ്ക്കാൻ തക്ക ഇച്ഛാശക്തിയാണ് ജനങ്ങളിൽ ഉണർന്നുവരേണ്ടത്. സംഘടിത ജനങ്ങളുടെ ഉണർവ്വുകളിലൂടെ, ജനമുന്നേറ്റത്തിലൂടെ വേണം ഭാഷാപരമായ വെല്ലുവിളിയെ നേരിടേണ്ടത്. ഭരണഭാഷ മലയാളമാക്കുക എന്നത് സർക്കാർതലത്തിൽ മാത്രം ചെയ്യേണ്ട കാര്യമല്ല. അതിനുള്ള ആവേശം ബഹുജനങ്ങളുടെ ബോധമണ്ഡലത്തിൽനിന്നും ഉരുത്തിരിയണം. മാതൃഭാഷ ഭരണഭാഷയായി അംഗീകരിച്ചു കഴിഞ്ഞിരിക്കുന്ന ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെ നമുക്ക് ഇക്കാര്യത്തിൽ മാതൃകയായി സ്വീകരിക്കാവുന്നതാണ്. ഉത്തർപ്രദേശ്, ബീഹാർ, മധ്യപ്രദേശ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങൾ ഹിന്ദിയും, ഹരിയാന, പഞ്ചാബ് എന്നീ സംസ്ഥാനങ്ങൾ പഞ്ചാബിയും ഹിന്ദിയും, ഗുജറാത്ത് ഗുജറാത്തിയും ഹിന്ദിയും, മഹാരാഷ്ട്ര മറാഠിയും ഹിന്ദിയും, കാശ്മീർ ഹിന്ദിയും ഉർദുവും ഡോഗ്രിയും തങ്ങളുടെ സംസ്ഥാനങ്ങളിലെ ഭരണഭാഷകളായി അംഗീകരിക്കുകയും ഉദ്യോഗസ്ഥർക്ക് അവ അഭ്യസിക്കാൻ വേണ്ടുന്ന സാഹചര്യങ്ങൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഗുജറാത്താണ് ഇക്കാര്യത്തിൽ ബഹുദൂരം മുന്നോട്ടു പോയിട്ടുള്ളത്. നമ്മുടെ അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽ മാതൃഭാഷയ്ക്ക് ഔദ്യോഗിക ഭാഷ എന്ന നിലയിൽ ലഭിക്കുന്ന അംഗീകാരവും പ്രചാരവും അനുകരണീയമാണ്.

19. ആശയങ്ങൾ പ്രകടിപ്പിക്കുന്നതിന് നിയതവും ഏകീകൃതവുമായ പദപ്രയോഗങ്ങൾ ഉണ്ടാകേണ്ടത് ആവശ്യമാണ്. ഔദ്യോഗിക ഭാഷാ വകുപ്പിന്റെയും മാധ്യമങ്ങളുടേയും പ്രതിനിധികൾ ഉൾപ്പെട്ട ഒരു പണ്ഡിതസഭ ഇക്കാര്യം ചർച്ച ചെയ്തു തീരുമാനിക്കുകയും ആ തീരുമാനം സമയബന്ധിതമായി നടപ്പിലാക്കുമെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. ഔദ്യോഗികതലത്തിൽ മലയാളം തെറ്റുകൂടാതെ കൈകാര്യം ചെയ്യണമെങ്കിൽ ഭാഷയുടെ പ്രായോഗികതലത്തിലുള്ള പരിശീലനം നിർബന്ധമാക്കിയേ

തീരൂ. ഇതിനായി കഴിയുന്നതും ഓരോ വകുപ്പിലും ഭാഷയിൽ തികഞ്ഞ പാണ്ഡിത്യമുള്ളവരുടെ പ്രത്യേക സേവനം ലഭ്യമാക്കണം. ഭരണരംഗത്തു മാത്രമായി ഒതുങ്ങി നിൽക്കുന്നതല്ല ഭാഷാമാറ്റത്തിന്റെ പ്രശ്നങ്ങൾ. അധ്യയനമാധ്യമം, പി. എസ്. സി. പരീക്ഷയുടെ മാധ്യമം തുടങ്ങി പരിശീലന-മത്സരവേദികൾ ഉൾപ്പെടെ എല്ലാ മേഖലകളിലും മലയാള ഭാഷയ്ക്ക് പ്രാധാന്യം കൈവരണം. അതിനുവേണ്ടിയുള്ള യത്നങ്ങൾ വിജയിക്കുമ്പോഴേ ഭരണഭാഷ എന്ന നിലയിൽ മലയാളത്തിന് തിളക്കമാർന്ന പൂർണ്ണത കൈവരികയുള്ളൂ. എല്ലാ ഇംഗ്ലിഷുപദങ്ങളും അപ്പാടെ സ്വീകരിക്കണമെന്നില്ല. എന്നാൽ ഇംഗ്ലീഷ്പദങ്ങളുടെ മലയാളം സ്വീകരിക്കുമ്പോൾ ഔചിത്യബോധം കൈവെടിയാതിരിക്കാൻ ശ്രമിക്കണം.

20. മലയാളം പഠിക്കാതെ തന്നെ ബിരുദങ്ങളും ബിരുദാനന്തര ബിരുദങ്ങളും നേടാനുള്ള സാഹചര്യം ഇന്നുണ്ട്. അതുകൊണ്ട് ഭരണഭാഷാമാറ്റം എന്ന ആശയം പ്രാവർത്തികമാകണമെങ്കിൽ മാതൃഭാഷ പഠിച്ചു വളർന്നുവരുന്ന ഒരു തലമുറയെ വാർത്തെടുക്കാൻ കഴിയണം. കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായം ആ കാഴ്ചപ്പാടോടെ ഉടച്ചുവാർക്കണം. ബാല്യംമുതൽ നമ്മുടെ കുട്ടികളെ മലയാളത്തിൽ നിന്ന് അകറ്റിക്കൊണ്ടുള്ള വിദ്യാഭ്യാസരീതി മാറ്റിയേ തീരൂ. നമ്മുടെ സമൂഹത്തിലെ സമ്പന്ന വർഗ്ഗം സ്വന്തം കുട്ടികളെ മലയാള മാധ്യമത്തിലൂടെ വിദ്യാഭ്യാസം ചെയ്യിക്കാൻ വിമുഖതകാട്ടുന്നു. ഇടത്തരക്കാരും നിർധനരും സമ്പന്ന വർഗ്ഗത്തെ അനുകരിക്കാൻ, സ്വാഭാവികമായി ശ്രമിക്കുന്നു. ഇതിന്റെ അന്തിമഫലം മാതൃഭാഷ മാധ്യമത്തിലൂടെയുള്ള വിദ്യാഭ്യാസം തരംതാണതാണെന്ന തെറ്റിദ്ധാരണ സമൂഹത്തിൽ വേരൂറയ്ക്കുന്നു എന്നതാണ്. തൽഫലമായി മലയാള മാധ്യമത്തിൽ വിദ്യാഭ്യാസം ചെയ്യുന്ന കുട്ടികൾക്ക് തങ്ങൾ രണ്ടാംകിടക്കാരാണെന്ന അപകർഷബോധം ഉണ്ടാവുന്നു. ഈ സാഹചര്യങ്ങളെല്ലാം മലയാളത്തെ മലയാളികളിൽനിന്നും മാറ്റിനിർത്തുന്നുവെന്നതാണ് വാസ്തവം. നമ്മുടെ വിദ്യാഭ്യാസരംഗത്ത് ഇത്തരം അശാസ്ത്രീയതകൾ നിലനിൽക്കെ എത്ര സർക്കാർ ഉത്തരവുകൾ പുറത്തിറങ്ങിയാലും ഭരണഭാഷാമാറ്റം പൂർണ്ണമാവില്ല.

21. കേരളം നിയമംമൂലം മലയാള ഭാഷയെ ഔദ്യോഗിക ഭാഷയായി അംഗീകരിച്ചിട്ടുണ്ടെങ്കിലും പ്രായോഗികതലത്തിൽ നാളിതുവരെ അതു വേണ്ടത്ര ഫലപ്രാപ്തി കൈവരിച്ചിട്ടില്ല. കേരളത്തിലെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിന് മാതൃഭാഷയോടുള്ള അവഗണന മാറ്റേണ്ടതാണ്. ഭരണഭാഷ മലയാളമാക്കുക എന്നത് കേവലം 'ഭാഷാഭ്രാന്തിൽ' നിന്നും ഉരുത്തിരിഞ്ഞതല്ലെന്നും അത് നമ്മുടെ വൈകാരിക ഐക്യത്തിന്റെയും സംസ്കാരത്തിന്റെയും സാമൂഹികമായ ആശയവിനിമയത്തിന്റെയും ഭരണപരമായ സുതാര്യതയുടെയും പ്രതിബിംബനമാണെന്നുമുള്ള ബോധവൽക്കരണം എല്ലാവരിലും പ്രത്യേകിച്ചും ജനങ്ങളുമായി നേരിട്ടു ബന്ധപ്പെടുന്ന എല്ലാ ഉദ്യോഗസ്ഥന്മാരിലും വളർത്തിയെടുക്കുന്നതിനാവശ്യമായ പ്രേരണയും പരിശീലനവും ആദ്യഘട്ടത്തിൽ തന്നെ നല്കേണ്ടതാണ്. മലയാളത്തിൽ എഴുതുന്നത് അന്തസ്സിന് കുറവാണെന്ന അപകർഷബോധം മാറ്റിയെടുക്കുന്നതിനും നിശ്ചിത സമയത്തിനുള്ളിൽ തികഞ്ഞ ഇച്ഛാശക്തിയോടെ ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള ശ്രമങ്ങൾ ചിട്ടയോടെ നടത്തുകയും ചെയ്യേണ്ടതാണ്.

22. എല്ലാ വകുപ്പുകളുടെയും ദൈനംദിന പ്രവർത്തനങ്ങൾക്ക് മലയാളം അവശ്യം വേണ്ട ഒരു ഘടകമല്ലെങ്കിൽകൂടി സാധാരണക്കാരനു മനസ്സിലാകുന്ന ഭാഷയിൽ ഭരണം സുഗമമാകുന്നതിന് ഓരോ വകുപ്പിലും സമയബന്ധിതമായിത്തന്നെ പ്രവർത്തന പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കണം. ഭരണഭാഷാമാറ്റം നിയമപരമായ ബാധ്യതയ്ക്കുപരി ധാർമികമായ ഒരാവശ്യമാണെന്ന വസ്തുത ഭാഷാമാറ്റത്തെ നിയന്ത്രിക്കുന്ന വിവിധ വിഭാഗങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനുള്ള പരിപാടികൾകൂടി ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതാണ്.

23. ഔദ്യോഗിക കാര്യങ്ങൾക്ക് മലയാളം സുഗമമായി ഉപയോഗിക്കുന്നതിന് മാനുവലുകളും കോഡുകളും സമയബന്ധിതമായി തർജ്ജമ ചെയ്യേണ്ടതുണ്ട്. വകുപ്പുതലത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള പരിഭാഷാസെല്ലുകൾ കാര്യക്ഷമമാക്കേണ്ടതുണ്ട്. പ്രചാരത്തിൽ വന്നുകഴിഞ്ഞ പല പദങ്ങൾക്കും പുതിയ പദങ്ങൾ അന്വേഷിച്ചു കണ്ടുപിടിക്കാൻ പോകുന്നതിനുപകരം പ്രചുര പ്രചാരം സിദ്ധിച്ച സമാന പദങ്ങൾ തന്നെ പ്രയോഗിക്കാൻ ശ്രമിക്കേണ്ടതാണ്. ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെയും സാഹിത്യരംഗത്തെ പ്രമുഖരുടെയും ഐ.എം.ജി.യുടെയും ബഹുജനങ്ങളുടെയും മാധ്യമങ്ങളുടെയും സേവനവും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തേണ്ടതാണ്.

24. ഭരണഭാഷ മലയാളമാക്കുന്ന പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിന് ഇപ്പോഴുള്ള സംവിധാനം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ മാതൃഭാഷ ഭരണഭാഷയാക്കുന്നതുമായി വളരെയേറെ പുരോഗതി കൈവരിച്ച സംസ്ഥാനങ്ങളുടെ മാതൃകയിൽ ഭരണഭാഷയ്ക്ക് ഒരു ഡയറക്ടറേറ്റ് ഉണ്ടാകണം. അതിൽ ഭരണപരിചയവും ഭാഷാപരിചയവും ഉള്ള ആളുകളെ നിയമിക്കുകയും വേണം.

25. 1969-ലെ കേരള ഔദ്യോഗിക ഭാഷാനിയമത്തിലെ അധികാരം വിനിയോഗിച്ചും ഏതെങ്കിലും വകുപ്പിൽ ഔദ്യോഗികഭാഷയായി മലയാളം ഉപയോഗിക്കണമെന്ന് വിജ്ഞാപനംമൂലം നിർദ്ദേശം നല്കുവാൻ സർക്കാരിന് അധികാരമുണ്ട്. ഔദ്യോഗിക ഭാഷാസംബന്ധമായ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുന്നത് ഒരു സർക്കാർ ജീവനക്കാരനെ സംബന്ധിച്ചിടത്തോളം തെറ്റായ നടപടിയാണ്. അപ്രകാരം നിർദ്ദേശം പാലിക്കാത്തവർക്കെതിരെ ആവശ്യമായ ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതാണ്. ആവശ്യമെന്നുകണ്ടാൽ ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്തുന്നതിനെക്കുറിച്ച് സർക്കാർ പരിഗണിക്കേണ്ടതാണ്.

26. സർക്കാർ കണക്കനുസരിച്ച് 1982 മുതൽ കേരളത്തിൽ മിക്ക ഓഫീസുകളിലും മലയാളം ഔദ്യോഗിക ഭാഷയായി എന്നാൽ കേരള സെക്രട്ടേറിയറ്റിൽ നിന്നും വരുന്ന സർക്കുലറുകളും കത്തുകളും നിർദ്ദേശങ്ങളുമൊക്കെ ഇപ്പോഴും ഇംഗ്ലീഷിലാണ് എന്നത് അത്യന്തം ഖേദകരമാണ്. അതുപോലെതന്നെയാണ് മറ്റ് വകുപ്പ് അദ്ധ്യക്ഷൻമാരുടെ ഓഫീസുകളുടെ സ്ഥിതിയും ഇംഗ്ലീഷിൽ എഴുതിയില്ലെങ്കിൽ ഒന്നും ശരിയാവില്ലെന്ന ധാരണ ഉയർന്ന ഉദ്യോഗസ്ഥന്മാരിൽ രൂഢമൂലമായിരിക്കുന്നു.

27. ഇംഗ്ലീഷിനൊപ്പം മലയാളവും ഔദ്യോഗിക കാര്യങ്ങൾക്ക് ഉപയോഗിക്കുന്നു എന്ന ഇന്നത്തെ രീതിക്ക് മാറ്റം വരുത്തണം. കൂടാതെ സർക്കാർ സ്ഥാപനങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് മലയാള ഭാഷയിലെ പ്രവൃത്തി പരിചയം അവശ്യം വേണ്ട യോഗ്യതയാക്കുക, നന്നായി ഭാഷ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് പ്രോത്സാഹനം നൽകുക, മലയാളം ശരിയായി ഉപയോഗിക്കാൻ അറിയുന്ന ഉദ്യോഗസ്ഥന്മാർ ഇംഗ്ലീഷ് ഭാഷയെ ആശ്രയിക്കുന്ന പ്രവണത എന്തു വിലകൊടുത്തും നിരുത്സാഹപ്പെടുത്തുക, മലയാളം കൈകാര്യം ചെയ്യാനറിയാത്ത സർക്കാർ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി അവരെ ഭരണഭാഷാ പ്രവീണരാക്കുക തുടങ്ങിയ നടപടികളും സ്വീകരിക്കേണ്ടതാണ്.

28. വകുപ്പ് മേധാവികൾ തങ്ങളുടെ വകുപ്പിൽ മലയാളം ഭരണഭാഷയായി എല്ലാതലങ്ങളിലും ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ ജീവനക്കാർക്ക് ഇത് അനായാസം സാധ്യമാക്കുന്നതിനുതകുമാറ് അവശ്യംവേണ്ട വാക്കുകൾ മലയാളത്തിലാക്കിക്കൊണ്ടുള്ള ഭരണഭാഷാ സഹായികൾ വകുപ്പുകളിൽ ലഭ്യമാക്കേണ്ടതുമാണ്. മലയാളം ഔദ്യോഗികഭാഷയാക്കുന്നതിന്റെ പുരോഗതി വകുപ്പ് മേധാവികൾ ജീവനക്കാരുമായി മാസത്തിലൊരിക്കലെങ്കിലും ചർച്ച നടത്തേണ്ടതാണ്. ഭാഷാ മാറ്റം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്.

29. മാതാവിനെ എന്നപോലെ മാതൃഭാഷയെ സ്നേഹിക്കുകയും ആദരിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്ത് അതിനെ ശക്തിപ്പെടുത്തുന്നതിനും അങ്ങനെ ഭരണം, ആശയവിനിമയം, വിദ്യാഭ്യാസം തുടങ്ങിയുള്ള എല്ലാ മേഖലകളിലും കേരളത്തനിമ ഉയർത്തിപ്പിടിക്കുവാൻ ഓരോ പൗരനെയും പ്രാപ്തനാക്കുന്നതിനുമുള്ള ഒരു സമഗ്രബോധവത്കരണ പരിപാടി സംസ്ഥാനത്ത് പഞ്ചായത്ത്, വില്ലേജ്, താലൂക്ക്, ജില്ലാ സംസ്ഥാനതലങ്ങളിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്നും ബന്ധപ്പെട്ട മേധാവികൾ ഇതിന്റെ പുരോഗതി വിലയിരുത്തുന്നതിന് ആവശ്യമുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെടുന്നു.

30. കേരളത്തിലെ ഔദ്യോഗിക ഭാഷ പൂർണ്ണമായി മലയാളമാക്കി മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിൽ ബഹുജനങ്ങൾക്കും മാധ്യമങ്ങൾക്കും പ്രമുഖ പങ്ക് വഹിക്കുവാനുണ്ട്. ഭാഷാമാറ്റത്തിന്റെ ആവശ്യകത ബോധ്യപ്പെട്ട് അതിനനുസരിച്ച് മലയാളത്തിൽ കത്തിടപാടുകൾ നടത്തുവാൻ ജനങ്ങൾ മുൻകൈയെടുക്കേണ്ടതാണ്. ഇംഗ്ലീഷിൽ എഴുതിയാലേ അപേക്ഷകൾക്ക് ഗൗരവമുണ്ടാകുകയുള്ളുവെന്നും എങ്കിലേ അവയ്ക്കുവേണ്ട പരിഗണന ലഭിക്കൂ എന്നും കരുതുന്നവർ സ്വന്തം ഭാഷയോട് കൂറുള്ളവരല്ല. മാധ്യമങ്ങൾ ഭാഷാമാറ്റത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കാനുതകുന്ന പരിപാടികൾ ആസൂത്രണം ചെയ്ത് പ്രചരിപ്പിക്കേണ്ടതാണ്. ആവേശകരമായ ഒരു ബഹുജനമുന്നേറ്റവും മാധ്യമങ്ങളുടെ ആത്മാർത്ഥമായ സഹകരണവും ഉദ്യോഗസ്ഥൻമാരുടെ നിശ്ചയദാർഢ്യവും ഉണ്ടെങ്കിൽ ഭരണഭാഷാ മാറ്റത്തിന് മുന്നിലുള്ള പ്രതിബന്ധങ്ങൾ നിശ്ചയമായും തകർന്നുവീഴും.

483/2004.

## സമിതിയുടെ നിർദ്ദേശങ്ങളും/ശുപാർശകളും

1. നമ്മുടെ പാഠ്യപദ്ധതിയിൽ മാതൃഭാഷ ഒന്നാം ഭാഷ തന്നെയായിരിക്കണമെന്നും മറ്റുഭാഷകൾ ഉപഭാഷാപാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ് അഭികാമ്യമെന്നും സമിതി അഭിപ്രായപ്പെടുന്നു. വരും തലമുറയ്ക്ക് മാതൃഭാഷയോട് അഭിനിവേശം ജനിപ്പിക്കുന്നതിനായി മലയാളഭാഷ ഉപയോഗിക്കുന്നതിനു പാഠ്യപദ്ധതിയിൽതന്നെ മാറ്റം വരുത്തേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തി. മലയാളഭാഷയെ ഒന്നാം ഭാഷയായി അംഗീകരിക്കണമെന്നും പ്രീപ്രൈമറി, പ്രൈമറിതലത്തിൽ ബോധനമാധ്യമം മലയാളം തന്നെയായിരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

2. മലയാളഭാഷാ പ്രയോഗം സർക്കാർ വകുപ്പുകളിൽ മാത്രം ഒതുക്കിനിർത്താതെ സ്കൂൾ, കോളേജ് തലത്തിലുള്ള വിദ്യാർത്ഥികളുടെ പരീക്ഷകളും മലയാള മാധ്യമത്തിലാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3. സാങ്കേതികമായി മലയാളം ഉപയോഗിക്കുവാൻ ബുദ്ധിമുട്ടുള്ള കാര്യങ്ങൾക്ക്മാത്രം ഇംഗ്ലീഷ് ഉപയോഗിക്കാൻ അനുവദിക്കണമെന്നും സാധാരണക്കാരുമായി ആശയവിനിമയം നടത്തുവാൻ മലയാളം തന്നെ കർശനമായും ഉപയോഗിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

4. ഭാഷയുടെ പ്രായോഗിക വികസനത്തെപ്പറ്റിയോ അതിന്റെ പ്രയോഗ സാധ്യതയെ കുറിച്ചോ ആധികാരികമായി അഭിപ്രായം പറയാൻ കഴിയുന്ന പ്രഗത്ഭരായ വ്യക്തികളെ പങ്കെടുപ്പിച്ചും അവരുടെ സേവനം പ്രയോജനപ്പെടുത്തിയും ഈ രംഗത്തെ പ്രവർത്തന ശൈലി മെച്ചപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5. ശാസ്ത്ര-സാങ്കേതിക പദങ്ങൾക്ക് അനുയോജ്യമായ മലയാളപദങ്ങൾ കണ്ടുപിടിക്കുന്നതിന് വിവിധ വിഭാഗം ആളുകളുടെ ചിന്താഗതിക്ക് പ്രസ്തുത വിഷയം വിധേയമാക്കേണ്ടതും പൊതുജനാഭിപ്രായം സ്വരൂപിക്കേണ്ടതുമാണെന്ന് സമിതി നിർദ്ദേശിക്കുന്നു. തികഞ്ഞ ഉത്തരവാദിത്വത്തോടെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഈ ദൗത്യം ഏറ്റെടുക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

6. ശാസ്ത്ര-സാങ്കേതിക പദങ്ങൾക്ക് മലയാള പദങ്ങൾ കണ്ടെത്തുന്നതിന് ഒരു വിദഗ്ദ്ധസമിതിയുടെ സേവനം ലഭ്യമാക്കണമെന്നും ശാസ്ത്ര-സാങ്കേതിക വിഷയങ്ങളിൽ പൊതുജനങ്ങൾക്ക് അവഗാഹം ഉണ്ടാക്കുന്നതിന് സ്വീകാര്യമായ ഒരു പദാവലി നടപ്പിലാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

7. ദൈനംദിന ഭരണകാര്യങ്ങളിൽ ജനങ്ങൾക്ക് ആവശ്യമായ നിയമഗ്രന്ഥങ്ങൾ നിയമ വകുപ്പുമായി കൂടിയാലോചിച്ച് മലയാളീകരിച്ച് പ്രസിദ്ധീകരിക്കുന്നതിന് സംസ്ഥാന ഔദ്യോഗിക ഭാഷാ (നിയമ നിർമ്മാണ) കമ്മീഷൻ നടപടികളെടുക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

8. മലയാളം ഔദ്യോഗിക ഭാഷയായി ഉപയോഗിക്കണമെന്ന് വിജ്ഞാപനംമൂലം നിർദ്ദേശം നൽകി കഴിഞ്ഞാൽ ആ നിർദ്ദേശം പാലിക്കാത്ത സർക്കാർ ജീവനക്കാർക്കെതിരെ ആവശ്യമായ ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആവശ്യമെന്നുകണ്ടാൽ ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്തുന്നതിനെക്കുറിച്ചും സർക്കാർ പരിഗണിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

9. വകുപ്പുമേധാവികളും സെക്രട്ടേറിയറ്റിലെ ഭരണവകുപ്പ് തലവൻമാരും തങ്ങളുടെ വകുപ്പുകളിൽ മലയാളം ഭരണഭാഷയായി എല്ലാതലങ്ങളിലും ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

10. മലയാളം ഔദ്യോഗികഭാഷയാക്കുന്നതിന്റെ പുരോഗതി വകുപ്പുമേധാവികൾ ജീവനക്കാരുമായി മാസത്തിലൊരിക്കൽ ചർച്ച നടത്തി അവലോകനം ചെയ്യണമെന്നും ഇത് സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

11. ഓരോവകുപ്പിലും മലയാളം ഭരണഭാഷയാക്കുന്നതിനായി എന്തെല്ലാം പദ്ധതി നടപ്പിലാക്കി, അതിന്റെ പുരോഗതി എന്താണ്, ഭരണഭാഷാമാറ്റത്തിനുള്ള ബുദ്ധിമുട്ടുകൾ എന്തെല്ലാമാണ്, അവ എങ്ങനെ പരിഹരിക്കാനാകും എന്നീ കാര്യങ്ങളിൽ സർക്കാർ തലത്തിൽ വിലയിരുത്തി ആവശ്യമായ നടപടി യഥാസമയം സ്വീകരിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

12. സംസ്ഥാനത്താകമാനം താഴത്തെതട്ടുമുതൽ മേൽത്തട്ടുവരെ (വില്ലേജുതലം മുതൽ സെക്രട്ടേറിയറ്റ് വരെ) മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

13. സർക്കാർസ്ഥാപനങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് മലയാളഭാഷയിലെ പ്രവൃത്തി പരിചയം അവശ്യംവേണ്ട യോഗ്യതയാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

14. ഓരോവകുപ്പിനും പ്രത്യേകമായി ഉപയോഗിക്കാൻ കഴിയുന്നതരത്തിൽ അതതു വകുപ്പിൽ ഉപയോഗിക്കുന്ന വിവിധ പദാവലികൾ ഉൾപ്പെടുത്തി ശബ്ദകോശങ്ങൾ പ്രസിദ്ധീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഇതോടൊപ്പം ബോർഡുകൾ, സൂചകങ്ങൾ, ശിലാഫലകങ്ങൾ, വാഹനങ്ങൾ എന്നിവയിലെല്ലാം ഇംഗ്ലീഷിനോടൊപ്പം മലയാളവും എഴുതിവയ്ക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

15. മലയാളം പഠിക്കാതെതന്നെ ബിരുദങ്ങളും ബിരുദാനന്തര ബിരുദങ്ങളും നേടാനുള്ള സാഹചര്യം ഇന്നുണ്ടെന്നും സമൂഹത്തിലെ സമ്പന്നവർഗ്ഗം സ്വന്തം കുട്ടികളെ മലയാള മാധ്യമത്തിലൂടെ വിദ്യാഭ്യാസം ചെയ്യിക്കാൻ വിമുഖത കാട്ടുന്നുണ്ടെന്നും അതിനാൽ മാതൃഭാഷാമാധ്യമത്തിലൂടെയുള്ള വിദ്യാഭ്യാസം തരംതാണതാണെന്ന തെറ്റിദ്ധാരണ സമൂഹത്തിൽ നിന്നും വേരോടെ പിഴുതുകളയണമെന്നും സമിതി കരുതുന്നു. മലയാള മാധ്യമത്തിൽ വിദ്യാഭ്യാസം

ചെയ്യുന്ന കുട്ടികളിൽ തങ്ങൾ രണ്ടാം കിടക്കാരാണെന്ന അപകർഷബോധം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി മെഡിക്കൽ, എഞ്ചിനീയറിംഗ് തുടങ്ങിയ പ്രവേശന പരീക്ഷകളിൽ കുറഞ്ഞത് 25 മാർക്കിനെങ്കിലും മലയാളഭാഷാ പ്രാവീണ്യം പരിശോധിക്കുന്നതിനായി എഴുത്തുപരീക്ഷ നടത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

16. മാതൃഭാഷാ പരിജ്ഞാനം ഉറപ്പാക്കാൻ അന്യ സംസ്ഥാനങ്ങളിൽ പി. എസ്. സി. നടത്തുന്ന പരീക്ഷകളിൽ പ്രാദേശികഭാഷയിൽ പ്രത്യേകം ചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതിന് സമാനമായി പി. എസ്. സി. നടത്തുന്ന എല്ലാ പരീക്ഷകളിലും 25 മാർക്കിനെങ്കിലും ചോദ്യങ്ങൾ മാതൃഭാഷയിലായിരിക്കണമെന്നും ക്രമേണ ഒരു പേപ്പറോ അല്ലെങ്കിൽ ചോദ്യപേപ്പറിന്റെ ഒരു ഭാഗമെങ്കിലുമോ മലയാളത്തിലാക്കിമാറ്റാൻ കഴിയണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

17. കമ്പ്യൂട്ടർ സ്ഥാപിക്കുമ്പോൾതന്നെ മലയാളം സോഫ്റ്റ്വെയർ തയ്യാറാക്കി എല്ലാ ഓഫീസുകളിലും ഒരു നിശ്ചിത മാതൃകയിൽ തന്നെ മലയാളം ഔദ്യോഗികാവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതിന് സജ്ജമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

18. ഔദ്യോഗിക മലയാളം സോഫ്റ്റ്വെയർ തയ്യാറാക്കി പ്രസ്തുത സോഫ്റ്റ്വെയറും മലയാളം ഫോണ്ടും സൗജന്യമായി എല്ലാ ഓഫീസുകൾക്കും ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ ലഭ്യമാക്കണമെന്നും സി. ഡിറ്റും, ഔദ്യോഗിക ഭാഷാ വകുപ്പും ഇക്കാര്യത്തിൽ മുൻകൈയെടുക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

19. മലയാളത്തിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് ആവശ്യമെങ്കിൽ ഐ. എം. ജി.ക്ക് പുറമെയുള്ള ഏജൻസികളുടെ സഹായം തേടണമെന്നും ആയതിലേക്ക് ബഡ്ജറ്റിൽ തുക നീക്കിവയ്ക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

20. ഉദ്യോഗസ്ഥർക്ക് ഭാഷയിലും വ്യാകരണ പ്രയോഗത്തിലും പ്രാഗല്ഭ്യം നൽകുന്നതിന് ഉതകുംവിധത്തിൽ ആവശ്യമായ പരിശീലനം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21. മലയാളം ഏക ഔദ്യോഗിക ഭാഷയായി നന്നായി ഉപയോഗിക്കുന്നതിൽ കൂടുതൽ താല്പര്യം കാണിക്കുന്ന ഉദ്യോഗസ്ഥർക്ക് പ്രോത്സാഹനമായി പാരിതോഷികം ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

22. വിദ്യാഭ്യാസതലത്തിലും ഉദ്യോഗസ്ഥ ഭരണതലത്തിലും മലയാളം ഔദ്യോഗിക ഭാഷയാക്കുന്നത് സംബന്ധിച്ച് അവബോധം പൊതുജനങ്ങളിൽ വളർത്തിയെടുക്കുന്നതിനായി പത്രപ്രവർത്തകർ, ജനപ്രതിനിധികൾ, വകുപ്പുദ്യോഗസ്ഥർ, ഭാഷാ വിദഗ്ദ്ധർ എന്നിവരെ ഉൾപ്പെടുത്തി ശില്പശാലകൾ ജില്ലാതലത്തിൽ സംഘടിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

23. എല്ലാ മേഖലകളിലും കേരളത്തനിമ ഉയർത്തിപ്പിടിക്കുവാൻ ഓരോ പൗരനേയും പ്രാപ്തനാക്കുന്നതിനുള്ള ഒരു സമഗ്ര ബോധവൽക്കരണ പരിപാടി സംസ്ഥാനത്ത് (വില്ലേജ് ജില്ലാ സംസ്ഥാന തലങ്ങളിൽ) ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്നും ബന്ധപ്പെട്ട മേധാവികൾ ഇതിന്റെ പുരോഗതി വിലയിരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

24. ഇലക്ട്രോണിക് മാധ്യമങ്ങളുടേയും സാഹിത്യ രംഗത്തെ പ്രമുഖരുടേയും ഐ. എം. ജി.യുടെയും ബഹുജനങ്ങളുടേയും മാധ്യമങ്ങളുടേയും സേവനം ഭരണ ഭാഷ മലയാളമാക്കുന്നതിൽ പ്രയോജനപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

25. ഭരണഭാഷ മലയാളമാക്കുന്ന പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിന് ഇപ്പോഴുള്ള സംവിധാനം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ മാതൃഭാഷ ഭരണഭാഷയാക്കുന്നതിൽ വളരെയേറെ പുരോഗതി കൈവരിച്ച തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങൾ സ്ഥാപിച്ച മാതൃകയിൽ ഭരണഭാഷാ ഡയറക്ടറേറ്റ് രൂപീകരിക്കണമെന്നും അതിൽ ഭരണപരിചയവും ഭാഷാ പരിചയവും ഉള്ള ആളുകളെ നിയമിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

26. ബഹുമാനപ്പെട്ട ഹൈക്കോടതി ഉൾപ്പെടെയുള്ള കോടതികളിലെ വ്യവഹാര ഭാഷയും ഭരണഭാഷയും മലയാളമാക്കുന്നതിനുള്ള നടപടികൾ ജസ്റ്റീസ് നരേന്ദ്രൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ത്വരിതപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

27. കേരളത്തിലെ അർദ്ധസർക്കാർ-പൊതുമേഖലാ സ്വയംഭരണ സ്ഥാപനങ്ങളിലും ഭരണഭാഷ മലയാളമാക്കുന്നതിന് എത്രത്തോളം കഴിയും എന്ന് കണ്ടെത്തണമെന്നും ആവുന്നത്ര മലയാളം ഉപയോഗിക്കാൻ നിർദ്ദേശിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

---